# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3073 — 15.12.2015 ൽ മറുപടിയ്ക്ക്

### പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ

**ചോദ്യം**

ശ്രീ. എ.റ്റി.ജോർജ്
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. കെ. ശിവദാസൻ നായർ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(എ) നിലവിൽ സപ്ലൈകോയുടെ കീഴിൽ കേരളത്തിലുടനീളം 102 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം കുറവുള്ള വടക്കൻ കേരളത്തിൽ മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ പൊതു പ്രവർത്തകരുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്ത് സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കെട്ടിടം ലഭിയ്ക്കുന്ന മുറയ്ക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു വരുന്നു.

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. MRP യിൽ നിന്നും 40% വരെ വില കുറവിലാണ് മരുന്നുകൾക്ക് സപ്ലൈകോ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. ഇൻസുലിൻ 18% വിലകുറച്ചാണ് വിൽക്കുന്നത്. കൂടാതെ BPL കുടുംബങ്ങൾക്ക് പ്രതിമാസം 1000 രൂപ വരെ വിലയുള്ള മരുന്നുകൾക്ക് 25% വിലക്കിഴിവ് കൂടി നൽകി വരുന്നു. സമരം മൂലവും മറ്റും സ്വകാര്യ മരുന്നു കടകൾ അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പോലും പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും

ആശുപത്രി പരിസരങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നു. കൂടാതെ വിവിധ സർക്കാർ ആശുപത്രികളിൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയിലൂടെ നടപ്പാക്കുന്ന RSBY/ JSSK പദ്ധതികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സാധ്യതാ പഠന റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിയ്ക്കുന്ന മുറയ്ക്ക് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 പുതിയ മെഡിക്കൽ സ്റ്റോറുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

Beena

സെക്ഷൻ ഓഫീസർ